**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3714** **26-10-2021 - ൽ മറുപടിയ്ക്ക്**

**എലപ്പുള്ളി മൃഗാശുപത്രി സ്ഥലം വിട്ടുനല്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | എലപ്പുള്ളിയിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിന് എലപ്പുള്ളി മൃഗാശുപത്രിയുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം മൃഗസംരക്ഷണ വകുപ്പിൽ തന്നെ നിലനിർത്തികൊണ്ട് വാട്ടർ അതോറിറ്റിക്ക് ഉപയോഗാനുമതി നൽകുവാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ എലപ്പുള്ളി മൃഗാശുപത്രി വളപ്പിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി ബഹു: ജല വിഭവ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിലും ബഹു: വനം, മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും നടന്ന യോഗത്തിൽ 130 ലക്ഷം ലിറ്റർ വെള്ളം ഉൾക്കൊള്ളുന്ന ടാങ്ക് നിർമ്മിക്കുന്നതിനും ടി നിർമ്മാണത്തിന്റെ ഭാഗമായി 3 നിലകളിലായി ലഭ്യമാകുന്ന 1500 ചതുരശ്ര മീറ്റർ സ്ഥലം മൃഗസംരക്ഷണ വകുപ്പിന് കൈമാറുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതിനുമായി വാട്ടർ അതോറിറ്റി അധികൃതരും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്ന് തീരുമാനമെടുക്കാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ 04/11/2020 ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും കൂടി ഉൾപ്പെട്ട ഓൺലൈൻ യോഗം ചേരുകയുണ്ടായി. എലപ്പുള്ളി മൃഗാശുപത്രി വളപ്പിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ 12.54 സെന്റ് സ്ഥലം വിട്ട് കൊടുക്കുന്നതിന് സമ്മതമാണെന്ന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് ജി2/55/2020-എ.എച്ച് ഫയലിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ